പതിന്നാലാം കേരള നിയമസഭ
നാലാം സമ്മേളനം

01-03-2017-ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.797

**പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള ഫീസ് ആനുകൂല്യങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ബി.എഡ്/എം.എഡ് കോഴ്സുകൾ രണ്ട് വർഷമാക്കി മാറ്റിയതിനെത്തുടർന്ന് സംസ്ഥാനത്ത് ബി.എഡ് കോളേജുകളിൽ പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള ഫീസും മറ്റ് ആനുകൂല്യങ്ങളും നഷ്ടപ്പെട്ടിരിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) യും (ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് താഴെപ്പറയുംപ്രകാരം പരിഹരിച്ചിട്ടുണ്ട്. ബി.എഡ്, എം.എഡ് കോഴ്സുകളുടെ കാലാവധി രണ്ട് വർഷമാക്കിയ സാഹചര്യത്തിൽ 2015-16 അദ്ധ്യയന വർഷം മുതൽ 12/05/2015-ലെ സ.ഉ.(ആർ.റ്റി)നം. 999/2015/ഉവിവ. പ്രകാരം ബി.എഡ്/എം.എഡ് കോഴ്സുകൾക്ക് അംഗീകൃത സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിൽ മെറിറ്റ്/സംവരണ അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ഇപ്രകാരമുള്ള പ്രവേശനം സംബന്ധിച്ച് കോളീജിയേറ്റ് എഡ്യൂക്കേഷൻ മേഖലാധികാരി/ബന്ധപ്പെട്ട യൂണിവേഴ്സിറ്റി രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ രേഖ ലഭ്യമാകുന്ന മുറയ്ക്ക് 02/07/2009ലെ ജി.ഒ.(അച്ചടി)നം. 50/2009/പജപവവിവ ഉത്തരവു പ്രകാരമുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതാണ്. മെറിറ്റ്/റിസർവേഷൻ വിഭാഗത്തിൽപ്പെടാതെ പ്രവേശനം ലഭിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ സ്കോളർഷിപ്പു പദ്ധതി പ്രകാരമുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നതിന് 11/02/2016-ലെ28626/എ2/2015/പജപവവിവ നം.സർക്കാർ കത്ത് പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) | എങ്കിൽ ആനുകൂല്യം നൽകുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിവരം വ്യക്തമാക്കാമോ ; | | |
| സി) | കഴിഞ്ഞ കാലങ്ങളിൽ ഒരു വർഷം കോഴ്സ് ആയിരുന്ന സമയത്ത് നൽകിയിരുന്ന ആനുകൂല്യം നിലവിൽ രണ്ടു വർഷം ആയപ്പോൾ ഏത് തരത്തിൽ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | സി) | ഒന്നാം വർഷ കോഴ്സിന് നിലവിൽ നൽകി വരുന്ന നിരക്കിൽ ട്യൂഷൻ ഫീസ്, ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നീ ആനുകൂല്യങ്ങൾ രണ്ടാം വർഷവും വിതരണം ചെയ്യുവാൻ എല്ലാ ജില്ലാ പട്ടികജാതി വികസന ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ